


# THE LIGHT
## CHARITABLE TRUST (Regd.)

*Every Child Needs A Family*

https://thelightcharity.org

# THE LIGHT CHARITABLE TRUST (Regd.)

REG.No:270/2018,PANDIKASALA COMPLEX,PULIKKAL,MALAPPURAM,KERALA,INDIA-673637
Email:thelightofcharity@gmail.com, Website: https://thelightcharity.org

*Ref:* ............................ 20-02-2024

ബഹുമാന്യരെ,

السلام عليكم ورحمة الله وبركاته

പിതാവിനെ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെയും ഭർത്താവിനെ നഷ്ടപ്പെട്ട വിധവകളുടെയും സാമൂഹിക,സാമ്പത്തിക സംരക്ഷണം ഉറപ്പുവരുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനായി കേരളത്തിലുടനീളം പ്രവർത്തിക്കുന്ന ഒരു അനാഥ സംരക്ഷണ രജിസ്ട്രേഡ് സംരംഭമായ ദി ലൈറ്റ് ചാരിറ്റബിൾ ട്രസ്റ്റ് ഇന്ന് 1000 ൽ പരം അനാഥ കുടുംബങ്ങളെ ഏറ്റെടുത്തു അവരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്നു.

അനാഥ സംരക്ഷണത്തിലൂടെ സ്വർഗ്ഗീയപ്പൂങ്കാവനത്തിൽ നബി(സ്വ)യോടൊപ്പം ഒരു മഹനീയ സ്ഥാനം ലഭിക്കാൻ അല്ലാഹു സുബ്ഹാനഹു വ തആല നമുക്കൊരു സുവർണ്ണാവസരം നൽകിയിരിക്കുകയാണ്.

താങ്കളെപ്പോലെയുള്ള സുമനസ്സുകളുടെ ഉദാരമായ സഹകരണങ്ങൾ കൊണ്ടാണ് ഈ സംരംഭം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. താങ്കളുടെ സകാത്ത്, സ്വദഖ വിഹിതത്തിൽ നിന്നും ഈ സംരംഭത്തിനായി ഇതുവരെ നൽകിയതു പോലെ ഒരു പങ്ക് തുടർന്നും നൽകി കൊണ്ട് സഹകരിക്കണമെന്നും താങ്കളുടെ കുടുംബ ബന്ധങ്ങൾ, സുഹൃത് വലയം എന്നിവരിൽ നിന്നുള്ള സകാത്ത്, സദഖ വിഹിതം ഈ സംരംഭത്തിനായി അയക്കാൻ മുൻകൈ എടുക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

അല്ലാഹു സുബ്ഹാനഹുവതആലാ നമ്മുടെ എല്ലാ സൽക്കർമ്മങ്ങളും സ്വീകരിച്ച് തക്കതായ പ്രതിഫലം നല്കുകയും നമ്മുടെ സന്താനങ്ങളിലും സമ്പത്തിലും ഹൈറും ബർകത്തും പ്രദാനം ചെയ്യുകയും ചെയ്യട്ടെ.

امين يا رب العالمين

1. ഒരു കുട്ടിക്ക് ഒരു വർഷം ഭക്ഷണത്തിനായി 24000/- (ഒരു മാസം 2,000/-)
2. ഒരു അനാഥ കുട്ടിയുടെ സ്കൂൾ കിറ്റിനു 600 /- രൂപ
3. ഒരു അനാഥ കുട്ടിയുടെ പെരുന്നാൾ ഡ്രസ്സിനു 1,000/- രൂപ
4. സ്വന്തമായി വീടില്ലാത്ത ഒരു അനാഥക്കു വീട് സ്പോൺസർ ചെയ്യുന്നതിന് 7,00,000/- മുതൽ 8,00,000/- വരെ
5. ഒരു അനാഥ കുട്ടിയുടെ ഉപരിപഠനത്തിനു ഒരു വർഷത്തേക്ക് 50,000/- മുതൽ 1,00,000/- വരെ
6. ഒരു അനാഥ കുടുംബത്തിനു റമദാൻ ഫുഡ് കിറ്റ് നൽകുന്നതിനു 2,000/- രൂപ
7. വിധവക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു ധനസഹായം 20,000 മുതൽ 50,000/- വരെ
8. മാസാന്ത അനാഥ സംഗമത്തിനുള്ള ഭക്ഷണം 5,000 മുതൽ 30,000/- വരെ (ഓരോ ഏരിയയിലെയും അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച്)
9. വീട് റിപ്പയറിംഗിന് 1,00,000/- മുതൽ 1,50,000/- വരെ
10. ഒരു കിണർ നിർമിച്ചു നൽകാൻ 75,000/- മുതൽ 1,25,000/- വരെ
11. ഒരു ബാത്ത് റൂം നിർമിച്ചു നൽകാൻ 45,000/-

**ബാങ്ക് വിവരങ്ങൾ**

**A/C Number: 38277905082**
**State Bank of India, Cherukavu**
**IFSC Code: SBIN0070443**

SCAN & PAY

അഡ്വ. സബീന മൊയ്തീൻ
ചെയർപേഴ്സൺ, ലൈറ്റ് ചാരിറ്റബിൾ ട്രസ്റ്റ്

സഫർ അലി,
പ്രസിഡൻറ്, സംസ്ഥാന കമ്മിറ്റി,
ലൈറ്റ് ചാരിറ്റബിൾ ട്രസ്റ്റ്

ശറഫുദ്ധീൻ സലഫി,
സെക്രട്ടറി, സംസ്ഥാന കമ്മിറ്റി,
ലൈറ്റ് ചാരിറ്റബിൾ ട്രസ്റ്റ്

# ദി ലൈറ്റ്
## ചാരിറ്റബിൾ ട്രസ്റ്റ്

കുടുംബം കുട്ടിയുടെ അവകാശം



2018 ൽ കേരളം ആസ്ഥാനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ജീവ കാരുണ്യ സംവിധാനമാണ് ദി ലൈറ്റ് ചാരിറ്റബിൾ ട്രസ്റ്റ്. വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിലും ട്രസ്റ്റ് ഇപ്പോൾ ഊന്നൽ നൽകുന്നത് അനാഥ വിധവ സംരക്ഷണമാണ്.

അനാഥ കുട്ടികളെ കുടുംബത്തിൽ നിന്നും അകറ്റിനിർത്തുന്ന കാലഹരണപ്പെട്ടതും മനഃശാസ്ത്ര വിരുദ്ധവുമായ സ്ഥാപനവൽക്കരണ സംവിധാനത്തെ മാറ്റി സ്വകുടുംബത്തോടപ്പം മാതാവിന്റെ സംരക്ഷണത്തിൽ സന്തോഷത്തോടെ ജീവിക്കാവുന്ന സാഹചര്യം ഒരുക്കലാണ് ട്രസ്റ്റിന്റെ മുഖ്യ ദൗത്യം.

ജാതിമത ലിംഗവ്യത്യാസമില്ലാതെ അനാഥ കുടുംബങ്ങൾക്കും വിധവകൾക്കും സാമ്പത്തിക വിദ്യാഭ്യാസ ധാർമിക പിന്തുണ നൽകുക എന്ന ലക്ഷ്യത്തിനാണ് അഡ്വ : സബീന മൊയ്തീൻ ചെയർ പേഴ്സൺ ആയി ഈ ട്രസ്റ്റ് രൂപീകരിക്കപ്പെട്ടത്.

നാഥന്റെ അനുഗ്രഹത്താൽ മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങളും കരുതലും ആവോളം ആസ്വദിക്കാൻ ഭാഗ്യം സിദ്ധിച്ചതിനാൽ ഈ നല്ല അവസ്ഥയിൽ എത്തിയവരാണല്ലോ നാം.... എന്നാൽ പറക്കമുറ്റും മുന്നേ പിതാവിന്റെ വേർപാടിനാൽ അനാഥരായ അനേകം കുരുന്നുകൾ ഉണ്ട് നമ്മുടെ ചുറ്റുപാടിൽ. ജീവിതത്തിൽ യഥാസമയം ലഭിക്കേണ്ട വാത്സല്യം, കരുതൽ, പിന്തുണ എന്നിവയൊന്നും ലഭിക്കാത്ത ഇവരെ അവഗണിക്കാനാവുമോ?

ഭർത്താവെന്ന വൻ വൃക്ഷത്തിന്റെ തണലിൽ ജീവിതം ആസ്വദിച്ചു തീരും മുമ്പ്, കൈകുഞ്ഞുങ്ങളുമായി സമൂഹത്തിന്റെ കരുണക്കായ് കാത്തിരിക്കുന്ന വിധവകളെ ഓർക്കാതെ നമുക്ക് ജീവിക്കാനാകുമോ.....

പിതാവിന്റെ സ്നേഹ ശിക്ഷണങ്ങൾ നഷ്ടമായ ബാല്യങ്ങൾക്ക് മാതാവിന്റെയും സഹോദരങ്ങളുടേയും സ്നേഹ സാമിപ്യം നഷ്ടമാവുന്നത് കുട്ടികളുടെ വളർച്ചക്കും വ്യക്തിത്വ വികാസത്തിനും തടസ്സം സൃഷ്ടിക്കുമെന്ന് ആധുനിക പഠനങ്ങൾ പറയുന്നു. ഈ സാഹചര്യം തിരിച്ചറിഞ്ഞ് പിതാവ് നഷ്ടപ്പെട്ട കുഞ്ഞുങ്ങളെ മാതാവിൽ നിന്നും സഹോദരങ്ങളിൽ നിന്നും അകറ്റാതെ കുടുംബത്തിന്റെ സ്നേഹവാത്സല്യങ്ങൾ നുകർന്ന് അവരോടൊപ്പം അന്തിയുറങ്ങാനും ജന്മനാടിന്റെ സ്പന്ദനങ്ങൾ അനുഭവിച്ചറിഞ്ഞ് ധാർമിക സാമൂഹിക ജീവിത സാഹചര്യത്തിൽ വളരാനും അവസരം നൽകുകയാണ് ദി ലൈറ്റിന്റെ ലക്ഷ്യങ്ങളിൽ ഒന്ന്. ജീവിതയാത്രയിൽ ഭർത്താവ് നഷ്ടപ്പെട്ട് പകച്ചുപോയ വിധവകൾക്ക് സ്വന്തം കാലിൽ നിൽക്കാനും സാമ്പത്തിക സഹായവും മാനസിക കരുത്തും നൽകലാണ് ട്രസ്റ്റിന്റെ മറ്റൊരു പദ്ധതി..

സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവർക്ക് കൈപിടിച്ചുയരാൻ പ്രതീക്ഷയും ആത്മവിശ്വാസവും ലഭിക്കാൻ നിങ്ങളുടെ ഒരു കൈത്താങ്ങ് കൂടി അവർക്ക് ആവശ്യമുണ്ട്. ഈ മഹത്തായ ഉദ്യമത്തിൽ നമുക്കൊരുമിച്ച് പങ്കാളികളാകാം. ഞാനും യതീമിനെ സംരക്ഷിക്കുന്നവനും ഇപ്രകാരമാണ് ✌️ എന്ന് പറഞ്ഞത് നമുക്ക് ഇവിടെ ഓർമിക്കാം. അള്ളാഹു നമ്മെ അനുഗ്രഹിക്കട്ടെ.. ആമീൻ

# പ്രവർത്തനങ്ങൾ

## തണൽ (Adoption)



ഹോസ്റ്റലുകൾ, അനാഥാലയങ്ങൾ, അഭയകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗൃഹാതുരതയോടും നിരാശയോടും കൂടി ജീവിതം തള്ളിനീക്കുന്ന അനാഥ കുഞ്ഞുങ്ങൾക്ക് മാതൃസ്നേഹം ലഭിച്ച് സ്വകുടുംബത്തോടൊപ്പം സന്തോഷകരമായി ജീവിക്കാനാവുന്ന സാഹചര്യ മൊരുക്കുന്ന പുനരേകീകരണ പദ്ധതി.

സാമ്പത്തിക പ്രയാസമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം എന്നിവക്ക് മാസത്തിൽ നിശ്ചിത തുക സാമ്പത്തിക സഹായം നൽകുന്നു.

## ആർദ്രം (Rehabilitation)



നിരാലംബരായ വിധവകളെ സ്വയം തൊഴിലിലൂടെ മാന്യമായി കുടുംബത്തെ പരിരക്ഷിക്കാൻ പ്രാപ്തരാക്കുന്ന ശാക്തീകരണ പുനരധിവാസ പദ്ധതി. കൈത്തൊഴിൽ, ടൈലറിംഗ്, കുടുംബ തൊഴിൽ, ആട്, മാട് വളർത്തൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നു.

## കൂട് (Shelter)



ഭർത്താവിന്റെ മരണത്തോടുകൂടി ഭർതൃഗൃഹത്തിൽ നിന്ന് അനാഥ മക്കളെയും**കൊണ്ട് ഇറങ്ങേണ്ടി** വരുന്ന കുടുംബങ്ങ ൾക്ക് വീട് നിർമ്മിച്ച് നൽകുന്ന ഭവന നിർമ്മാണ പദ്ധതി. കൂടാതെ കിണർ, ബാത്ത്റൂം, വീട് റിപ്പയർ എന്നിവക്ക് സാമ്പത്തിക സഹായം നൽകുന്നു.

## വെളിച്ചം (Light)

കുട്ടികൾക്കും മാതാക്കൾക്കും ധാർമിക ബോധനം, ഭർത്താവിന്റെ വിയോഗം മൂലം വൈഷമ്യം അനുഭവിക്കുന്ന വിധവകൾക്ക് കൗൺസിലിംഗ്, ഉയർന്ന പഠനനിലവാരമുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം, തൊഴിൽ പരിശീലനം ആഗ്രഹിക്കുന്ന വിധവകൾക്ക് കരിയർ ഗൈഡൻസ് പദ്ധതി. മാസത്തിലൊരിക്കൽ കുടുംബ സംഗമം, ധാർമിക ക്ലാസുകൾ എന്നിവ നൽകി കുട്ടികൾക്കും വിധവകൾക്കും ബോധവൽക്കരണം നടത്തുന്നു...





ദി ലൈറ്റ് ചാരിറ്റബിൾ ട്രസ്റ്റ് 25 ഓളം ഏരിയകളിലായി 1000ൽ പരം അനാഥ കുടുംബങ്ങൾക്ക് സംരക്ഷണം നൽകി വരുന്നുണ്ട്. നിശ്ചിത സംഖ്യ മാസാന്ത ധനസഹായം, അംഗങ്ങൾക്ക് വസ്ത്രങ്ങൾ, കുട്ടികൾക്ക് പഠനോപകരണങ്ങൾ, ആഘോഷ അവസരങ്ങളിൽ കുടുംബങ്ങൾക്ക് വേണ്ട മുഴുവൻ ഭക്ഷണ സാധനങ്ങളും നൽകി വരുന്നു.

01 ഒരു കുട്ടിക്ക് മാസാന്തം 2000 രൂപ പ്രകാരം ഒരു വർഷത്തേക്ക് 24,000 രൂപ

02 25 ഓളം ഏരിയകളിൽ മാസത്തിൽ ഒരു പ്രാവശ്യം നടത്തുന്ന സംഗമങ്ങളിൽ ഭക്ഷണത്തിന് ഏകദേശം 3 ലക്ഷത്തോളം രൂപ വരുന്നുണ്ട്

03 ഒരു കുട്ടിക്ക് സ്കൂൾ കിറ്റ് (600), പെരുന്നാൾ ഡ്രസ്സ്, (1000) റമളാൻ ഫുഡ് കിറ്റ് (2000)

04 കുട്ടികളുടെ ഉപരിപഠനത്തിന് ഒരു വർഷത്തേക്ക് 50,000 മുതൽ 1,00,000 വരെ.

05 വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ : 20,000 മുതൽ 40,000 വരെ.

06 വീട് റിപ്പയറിങ് : 1,00,000 മുതൽ 1,50,000 വരെ.

07 ഒരു വീട് നിർമിച്ചു നൽകാൻ 7,00,000 മുതൽ 8,00,000 വരെ.

08 ഒരു കിണറിന് 75,000 മുതൽ 1,25,000 വരെ

09 ഒരു ബാത്ത് റൂം നിർമിച്ചു നൽകാൻ 45000 രൂപ







**ഇതുവരെ നൽകിയ സേവനങ്ങൾ**

1. വീട് നിർമിച്ച് നൽകിയത് – 20 കുടുംബത്തിന്
2. വീട് റിപ്പയർ – 24 കുടുംബത്തിന്
3. ബാത്ത് റൂം – 110 കുടുംബത്തിന്
4. കിണർ – 7
5. തയ്യൽ മെഷീൻ – 38 കുടുംബത്തിന്
6. ആട് – 15 കുടുംബത്തിന്
7. കോഴി – 26 കുടുംബത്തിന്
8. പെട്ടികട – 7 കുടുംബത്തിന്
9. ഹയർ സ്റ്റഡി – 12 കുട്ടികൾക്ക്

സുമനസ്സുകളുടെ കരുതലിനായി കണ്ണും നട്ട് നിൽക്കുന്ന പിഞ്ചോമനകളെയും അവരുടെ ഉമ്മമാരെയും ചേർത്ത് പിടിക്കാൻ **THE LIGHT CHARITABLE TRUST** നിങ്ങളെ ക്ഷണിക്കുന്നു.


The Light Charitable Trust (Regd.)
(No. 270/2018) Pandikasala Building,
Pulikkal, Malappuram, Kerala
PIN: 673 637
Email: thelightofcharity@gmail.com


## Account Details:

**Ac. No. 38277905082**
State Bank of India, Cherukavu
IFSC : SBIN0070443

Larizkdy 8594000115


**CONTACT PERSONS :**

President :
Dr. Abdul Ahad Madani
Ph: 9947 252 541

Secretary :
Mr. P.V Noushad Madani
Ph: 8907 770 792